DESPATCHED
On 15/06/2020

05/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 2936(2)/2018**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 14835/എസ്.ഐ.സി-ജി 6/18

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. തോമസ് കുട്ടി എം.റ്റി.,
മണക്കുന്നേൽ,
കുരിശുംമൂട് പി.ഒ.,
ചങ്ങനാശ്ശേരി. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ& ഡെപ്യൂട്ടി സെക്രട്ടറി,ഗവ.സെക്രട്ടേറിയറ്റ്, ധനകാര്യ(ഇൻഫർമേഷൻ) വകുപ്പ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി& ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.07.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.09.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 15.12.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 19.12.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീൽ അധികാരി | ഹാജരായി ല്ല.<br>ഹാജരായിരുന്നു. |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. തോമസ് കുട്ടി എം. റ്റി., 15.12.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 19.12.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2936(2)/18/SIC** ആയി ഫയലിൽ സ്വീക രിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും പൂർണ്ണമായ മറുപടി ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാ ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 21.07.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 07.08.2018ന് നൽകിയ മറുപടിയിൽ ടിയാൻ ആവശ്യ പ്പെട്ട വിവരങ്ങൾ ധനകാര്യ വകുപ്പിൽ ലഭ്യമല്ലെന്നും ടി വിവരങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടതായതിനാൽ ആയതു സംബന്ധിച്ച വിവരങ്ങൾ ടിയാന് നേരിട്ട് ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എസ്.പി.ഐ.ഒ.യ്ക്ക് കൈമാറിയിട്ടുണ്ടെന്നും തുടർ കത്തിടപാടുകൾ ടി വകു പ്പുമായി നടത്തണമെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖ പ്പെടുത്തി 28.08.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 22.09.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ ഒന്നാം ഇനമായുള്ള ചോദ്യത്തിൽ ലൈബ്രേറിയ ന്മാരുമായി ബന്ധപ്പെട്ട പരാതികളാണ് ഉന്നയിച്ചിരിക്കുന്നതെന്നും ടി പരാതി യിലെ വിഷയങ്ങൾ നടപ്പാക്കി രേഖ നൽകുന്നതിനാണ് ടിയാൻ ആവശ്യപ്പെട്ടി രിക്കുന്നതെന്നും ടിയാന്റെ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ ഒന്നിലും ടി വകുപ്പിന്റെ ഒരു ഫയലും പരാമർശിച്ചിട്ടില്ലെന്നും പരാതികൾക്ക് പരിഹാരം കാണുക, സ്പഷ്ടീകരണം നൽകുക എന്നിവ വിവരാവകാശ നിയ മത്തിന്റെ പരിധിയിൽ വരാത്തതിനാൽ ടി വിഷയത്തിൽ യാതൊരു നടപ ടിയും നൽകുവാനില്ല എന്നാണ് അറിയിച്ചത്. രണ്ടാം ഇനത്തിൽ ആവശ്യപ്പെ ട്ടവ ടി വകുപ്പുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ ടി വിഷയത്തിൽ യാതൊരു മറുപടിയും നൽകാനില്ലെന്നും എന്നിരുന്നാലും ടി പിരിവുകളിലെ (1&2)

ആവശ്യങ്ങളിൽ എന്തെങ്കിലും വിവരം ലഭ്യമാണെങ്കിൽ ടിയാന് നേരിട്ട് ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ.യ്ക്ക് കൈമാറിയെന്നാണ് അറിയിച്ചത്. ക്രമ നമ്പർ 3ന് ടി വിഷയം ഉന്നത വിദ്യാഭ്യാസ (എ) വകുപ്പിൽ കൈകാര്യം ചെയ്യുന്നതാകയാൽ അപേക്ഷയുടെ പകർപ്പ് സർക്കാരിലെ ഉന്നത വിദ്യാഭ്യാസ(എ) വകുപ്പിലെ എസ്.പി.ഐ.ഒ.യ്ക്ക് കൈമാറിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 07.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, 28.10.2019ൽ ഹാജരാകുന്നതിനുള്ള കമ്മീഷന്റെ അറിയിപ്പ് ടി ദിവസം 11.00 മണിയ്ക്ക് ശേഷമാണ് ഓഫീസിൽ ലഭിച്ചതെന്നും ആയതിനാലാണ് ഹാജരാകാൻ സാധിക്കാത്തതെന്നും ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. മാത്രമല്ല ഹർജിക്കാരൻ ധാരാളം അപേക്ഷകൾ ടി ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും എല്ലാ അപേക്ഷകളിലും ഒരേ വിഷയമാണ് പരാമർശിച്ചിരിക്കുന്നതെന്നും അപേക്ഷയിലെ ആവശ്യം വ്യക്തമല്ലെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ ടിയാന്റെ അപേക്ഷയിലെ പല വിവരങ്ങളും വ്യാഖ്യാനിച്ചു നൽകേണ്ടവയായിരുന്നു എന്നുമുള്ള ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിനും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 05-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM